FOR PRIVATE CIRCULATION

# SFC News

ശാരോൻ
ഫെലോഷിപ്പ്
ചർച്ചിന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

VOL. 4 | ISSUE 11 | 2019 JANUARY - FEBRUARY



## ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷന് അനുഗ്രഹ സമാപ്തി

ജാതി–മത ഭേദമന്യെ സമൂഹത്തിലെ ഏറ്റവും
നിർദ്ധനവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി...






# ശാരോൻ ചിൽഡ്രൻസ് ഹോം
## (ഡഗ്ലസ് മെമ്മോറിയൽ)

കിളിയന്തറ, വള്ളിത്തോട് പി.ഒ., കണ്ണൂർ 670 700
ഫോൺ: 0490 2421745

# ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ

കൊച്ചുകൂട്ടുകാർക്കായ് നൽകുന്ന പുതുവത്സര സമ്മാനം!

## My Friend
## എന്റെ ചങ്ങാതി



പ്രിസ്കൂൾ 2 – പാഠപുസ്തകം




- ദൈവത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള 33 പഠനങ്ങൾ
- കുട്ടികവിതകൾ
- കൊച്ചുകഥകൾ
- ക്രിയാത്മകത വർദ്ധിപ്പിക്കുന്ന ആക്ടിവിറ്റികൾ
- ബഹുവർണ്ണ അച്ചടി

ഇപ്പോൾ വിൽപനയിൽ

SHARON FELLOWSHIP CHURCH · Thiruvalla, Kerala, India, 689101 ·

SFC News

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

Vol : 4 / Issue 11

2019 January - February

# ഉള്ളടക്കം


2 *എഡിറ്റോറിയൽ*
വഴിതെറ്റുന്ന തലമുറകൾ

3 *പ്രസിഡന്റിന്റെ സന്ദേശം*
ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കാം



4 Thanksgiving

5 വിശ്വസ്തന്മാരുടെ വംശനാശം



7 നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

8 ദൈവരാജ്യ വ്യാപനത്തിലെ സ്ത്രീ പങ്കാളിത്തം



11 പ്രകൃതി ദുരന്തം: സംഭാവന ലിസ്റ്റ്

15 വാർത്തകൾ



▸▸ **എഡിറ്റോറിയൽ ബോർഡ്** :
ഡോ. റ്റി.പി. ഏബ്രഹാം
പാസ്റ്റർ കെ.റ്റി. തോമസ്
പാസ്റ്റർ വി.ജെ. തോമസുകുട്ടി
പാസ്റ്റർ റോയി ചെറിയാൻ
ബ്രദർ ജോയി സി. ഡാനിയേൽ

▸▸ **എഡിറ്റർ ഇൻ ചാർജ്ജ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

▸▸ **പ്രതിനിധികൾ**

***നോർത്തേൺ റീജിയൻ***
പാസ്റ്റർ റെജി ചാക്കോ, ഡെൽഹി

***നോർത്ത് സെൻട്രൽ റീജിയൻ***
പാസ്റ്റർ അലക്സാണ്ടർ ശാമുവേൽ
ഹരിയാന

***നോർത്ത് വെസ്റ്റ് റീജിയൻ***
പാസ്റ്റർ ബെൻസൺ ഡാനിയേൽ
ഗുജറാത്ത്

***കർണാടക – തെലുങ്കാന റീജിയൻ***
പാസ്റ്റർ സാം കെ.കെ. ഹൈദരാബാദ്

***ഈസ്റ്റ് യു.പി. – നേപ്പാൾ റീജിയൻ***
പാസ്റ്റർ ഷിബു വർഗീസ് ലക്നൗ

***സൗദി റീജിയൻ***
ബ്രദർ ബിജോയ് ജോസഫ്

***യു.എ.ഇ. റീജിയൻ***
ബ്രദർ ഷിബു ജോർജ്

***കേരളം***
പാസ്റ്റർ ബിജു ജോസഫ്, തൃശൂർ
പാസ്റ്റർ അനീഷ് കൊല്ലംകോട്, ആലുവ
പാസ്റ്റർ പ്രസാദ് ഏബ്രഹാം, തിരുവല്ല
പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, റാന്നി
പാസ്റ്റർ സാബു പോൾ, അടൂർ
പാസ്റ്റർ റോബിൻസൺ പാപ്പച്ചൻ,
തിരുവനന്തപുരം



**എസ്.എഫ്.സി. ന്യൂസ്**
ശാരോൻ ഫെലോഷിപ്പ് ചർച്ച്,
പി.ബി. നമ്പർ 10 തിരുവല്ല – 689 101
കേരള, ഇന്ത്യ
email: sfcnewstvla@gmail.com
Ph: 0469-2607979
9447861098


SHARON FELLOWSHIP CHURCH NEWS

## എഡിറ്റോറിയൽ



പാസ്റ്റർ ഏബ്രഹാം മന്ദമരുതി



# വഴിതെറ്റുന്ന തലമുറകൾ

**മൂ**വാറ്റുപുഴയ്ക്കടുത്ത് ഒരു വിദ്യാർഥിനി രാവിലെ സ്കൂളിൽ പോയി മടങ്ങി വന്നത് സ്വന്തം വിവാഹം കഴിഞ്ഞായിരുന്നു. വിവരമറിഞ്ഞ മാതാപിതാക്കൾ ആദ്യം വിശ്വസിച്ചില്ലെങ്കിലും പിന്നീട് ഇതിന്റെ വീഡിയോ കണ്ടപ്പോഴാണ് ഗൗരവം മനസിലായത്. കൂട്ടുകാർ മൊബൈലിൽ പകർത്തി സോഷ്യൽ മീഡിയയിൽ വൈറലാക്കിയ ഈ രംഗം ഇതിനകം ഏറെ പ്രചരിപ്പിക്കപ്പെട്ടു കഴിഞ്ഞു. ആധുനിക തലമുറ എവിടെയെത്തി നിൽക്കുന്നു എന്നതിന്റെ സൂചനയിലേക്കാണ് ഈ സംഭവം വെളിച്ചം വീശുന്നത്. ഗൗരവമായി കാണേണ്ട കാര്യങ്ങളെ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന ഒരു ന്യൂജൻ സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. രാവിലെ യൂണിഫോമിൽ സ്കൂളിൽ പോയി വൈകുന്നേരം തിരികെ വരുമ്പോൾ പപ്പാ, ഇന്നെന്റെ കല്യാണമായിരുന്നു...ട്ടോ! എന്ന് യാതൊരു സങ്കോചവുമില്ലാതെ പറയുന്ന അവസ്ഥയിലേക്കു കാര്യങ്ങൾ കൈവിട്ടുപോയിരിക്കുന്നു. ഈ ഒരു ചുറ്റുപാടിലാണ് നമ്മുടെ തലമുറകളും ജീവിക്കുന്നതും വളരുന്നതും.

കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിലും വളർച്ചയിലും ഏറെ സ്വാധീനിക്കപ്പെടുന്ന രണ്ടു മേഖലകളാണ് ഭവനവും സഭയും. അതിൽ തന്നെ, പ്രാഥമിക പങ്ക് ഭവനാന്തരീക്ഷത്തിനാണ്. ഭവനത്തിലെ പതിവുകളും ശീലങ്ങളുമാണ് ജീവിതകാലം മുഴുവൻ വ്യക്തികളെ സ്വാധീനിക്കുന്നത്. അതിന് ഉത്തമ ഉദാഹരണമാണ് യേശുവിന്റെ ജീവിതം. 33 വർഷത്തെ ഇഹലോക ജീവിതത്തിൽ യേശുവിനു ചില പതിവുകളുണ്ടായിരുന്നു (ലൂക്കൊ. 4:16). ഈ പതിവുകൾ മാതാപിതാക്കളിൽ നിന്നും ജനിച്ചു വളർന്ന സാഹചര്യങ്ങളിൽ നിന്നുമാണ് പകർത്തപ്പെട്ടത് (ലൂക്കൊ.2:42). പതിവുകളാണ് ശീലങ്ങളായി മാറുന്നത്. നല്ല പതിവുകൾ ഭവനങ്ങളിലുണ്ടാകണം. രാവിലെയും വൈകുന്നേരവുമുള്ള കുടുംബപ്രാർത്ഥനകൾ, മുടങ്ങാ



## സ്കൂൾ യൂണിഫോമിൽ വിദ്യാർഥിനിയുടെ വിവാഹദൃശ്യം സമൂഹ മാധ്യമങ്ങളിൽ

മനോരമ ലേഖകൻ

മൂവാറ്റുപുഴ ● പത്താംക്ലാസ് വിദ്യാർഥിനിയെ താലി അണിയിച്ച് സിന്ദൂരം ചാർത്തുന്ന ദൃശ്യം ഫോണിൽ പകർത്തി സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച യുവാവിനെതിരെ പൊലീസ് കേസെടുത്തു. പ്രണയം നടിച്ച് വിവാഹ വാഗ്ദാനം നൽകിയാ...

കൂടെയുണ്ടായിരുന്ന വിദ്യാർഥിനികളിൽ നിന്നു വിവ...രം അറിഞ്ഞ സ്കൂൾ അധി...തർ വിദ്യാർഥിനിയുടെ രക്ഷ...താക്കളെ അറിയിച്ചു. ആ... വിശ്വസിക്കാതിരുന്ന രക്ഷി...ക്കൾ മൊബൈൽ ഫോണിലെ ദൃശ്യങ്ങൾ കണ്ടതോടെ പൊലീസിൽ പരാതി നൽകി.

...തോടെ യുവാവ് ഈ ദ...

തെയുള്ള ബൈബിൾ പാരായണം, സഭയുടെ കൂടിവരവുകളിൽ കൃത്യമായും അച്ചടക്കത്തോടെയും പങ്കുകൊള്ളുക, ഭവനത്തിനു പുറത്തേക്കു പോകുമ്പോൾ പ്രാർഥിച്ചിറങ്ങുക, ഭക്ഷണത്തിനു മുമ്പ് സ്തോത്രം ചെയ്യുക തുടങ്ങിയുള്ള നല്ല പതിവുകൾ കുട്ടികൾക്ക് നൽകണം. പിന്നീട് അവ ശീലങ്ങളായി മാറി കൊള്ളും.

കുഞ്ഞുങ്ങളെ ദൈവബോധത്തിൽ വളർന്നുവരാൻ സഹായിക്കുന്ന മറ്റൊരിടമാണ് സഭയും സൺഡേസ്കൂളും. എന്നാൽ അതിനെ അർഹിക്കുന്ന ഗൗരവത്തോടെ കാണാൻ പല തലമുറകൾക്കും മാതാപിതാക്കൾക്കും കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മത്സര കേന്ദ്രീകൃതമായ ഇന്നത്തെ ലോകത്തിൽ മറ്റുള്ളവരെക്കാൾ തങ്ങളുടെ കുട്ടികൾ മുന്നിലെത്തണമെന്ന വാശിയോടെ തിരുവചന പഠനത്തിനുള്ള സമയം പോലും സെക്കുലർ വിദ്യാഭ്യാസത്തിനും പാഠ്യേതര പരിശീലനങ്ങൾക്കുമായി വേർതിരിക്കുന്ന മാതാപിതാക്കൾ നമുക്കിടയിൽ കുറവല്ല. ട്യൂഷനും കോച്ചിംഗുമൊക്കെ കുട്ടികളുടെ ഞായറാഴ്ചത്തെ സൺഡേസ്കൂളും സഭാ ആരാധനയും അപഹരിക്കുന്നത് ശുഭ സൂചനയല്ല. ദൈവീകകാര്യങ്ങൾക്കുള്ള പ്രാധാന്യതയും മുൻഗണനയും ചോദ്യം ചെയ്യപ്പെടുകയാണിവിടെ. മെച്ചമായ വിദ്യാഭ്യാസവും അതിനുപകരിക്കുന്ന സ്ഥാപനങ്ങളും ജീവിത സൗകര്യങ്ങളും കുട്ടികൾക്കു നൽകാൻ പല മാതാപിതാക്കളും മത്സരിക്കുകയാണ്. എന്നാൽ ഇതിനിടയിൽ, യേശുവിനെ അവർക്കു നൽകാൻ മറന്നു പോകുന്നു എന്നതാണ് ഏറ്റവും വലിയ അപകടം.

സർവ്വോപരി, കുട്ടികളെ ഓരോ ദിനവും പുറത്തേക്ക് വിടുന്നത് പ്രാർത്ഥനയുടെ പിൻബലത്തിലാകണം. മോശക്കുഞ്ഞിനെ കിടത്തിയ ഞാങ്ങണ പെട്ടകത്തിന് പശയും കീലും തേച്ച് ഞാങ്ങണയുടെ ഇടയിൽ വെച്ചതുപോലെ, ലോകത്തിന്റെ വഴിപിഴച്ച പോക്ക് നമ്മുടെ കുട്ടികളെ സ്വാധീനിക്കാതിരിക്കാൻ പ്രാർത്ഥനയാകുന്ന പശയും കീലും അവർക്ക് ചുറ്റുമുണ്ടാകട്ടെ. അങ്ങനെയായാൽ നമ്മുടെ തലമുറകൾ ദൈവരാജ്യത്തിനും നമുക്കും അഭിമാനമായി മാറും എന്നത് തീർച്ചയാണ്. ■

## പ്രസിഡന്റിന്റെ സന്ദേശം



റവ. ജോൺ തോമസ്



# ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കാം

‘സ്തോത്രം അർപ്പിക്കുക’ എന്നതിന് ബൈബിളിൽ ബഹുവിധ അർത്ഥങ്ങളാണുള്ളത്. പഴയ നിയമത്തിൽ ‘സ്തോത്രം അർപ്പിക്കുക’ എന്നു പറഞ്ഞാൽ ‘സ്തുതിക്കുക’ എന്നതുമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്നു. ദൈവം ആരാണെന്ന് മനസ്സിലാക്കിയും (സങ്കീ. 106:1; 118:1; 136:1) പ്രതിസന്ധികളിൽ നിന്നും വിടുവിക്കുന്നതോർത്തും (ലേവ്യ. 7:11-16) ദൈവജനം ദൈവത്തെ സ്തുതിക്കുന്നു.

പുതിയ നിയമത്തിലേക്ക് പ്രവേശിക്കുമ്പോൾ പഴയ നിയമത്തിലെ പരിമിതമായ ചിന്താധാരത്തിൽ നിന്നും ‘സ്തോത്രം അർപ്പിക്കുക’ എന്ന ആശയത്തിന് അല്പം കൂടി വ്യാപ്തിയുണ്ടാകുന്നു. പുതിയ നിയമത്തിൽ ‘സ്തോത്രം അർപ്പിക്കുക’ എന്നത് സുഖകാലത്തും ദുഃഖനേരത്തുമുള്ള ജീവിതരീതിയായി മാറുകയാണ്.

ദൈവം നമുക്കായി ചെയ്തതും നമ്മിലൂടെ ചെയ്തതുമോർത്ത് ദൈവത്തോട് കാണിക്കുന്ന നന്ദി പ്രകടമാണ് സ്തോത്രാർപ്പണം.

കഴിഞ്ഞ വർഷം നമ്മുടെ മാതൃനാട് (കേരളം) പ്രകൃതിയിലെ ഏറ്റവും വലിയ ദുരന്തശക്തികളിലൊന്നിനെ നേരിടുവാനിടയായി. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. പുനർ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലും വിരസമായും മുന്നോട്ട് പോകുന്നു. ഓരോ ദിവസവും സൂര്യൻ നമ്മോട് വിട പറയുമ്പോൾ ദുരന്തമുഖത്തായിരുന്നാൽ പോലും നന്ദിയുള്ളവരായിരിക്കുവാൻ നമുക്കാകുന്നുണ്ടോ? നല്ല നാളേയ്ക്കുള്ള വാഗ്ദത്തങ്ങളിലേക്ക് തല ഉയർത്തി നോക്കാറുണ്ടോ? യേശു പറയുന്നു, “നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത്” (യോഹ.14:1).

ദൈവകരത്തിന്റെ പ്രവർത്തി ജീവിതത്തിൽ ദർശിക്കാനുള്ള കഴിവ് നന്ദി നിറഞ്ഞ ജീവിത ശൈലി രൂപപ്പെടുത്തും. ജീവിതത്തിന്റെ കൊടുങ്കാറ്റുകളിൽ ദൈവത്തിന്റെ കരുതലുണ്ടാകും. എല്ലായ്പ്പോഴും നാം ചിന്തിക്കുന്ന നിലയിലല്ലായിരിക്കും, അതിലും ശ്രേഷ്ഠമായി നമ്മുടെ ആവശ്യങ്ങളും പ്രതീക്ഷകളും അവൻ നിറവേറ്റി തന്നുകൊണ്ടിരിക്കും. അവന്റെ ‘ഉപകാരങ്ങളൊന്നും’ നാം മറന്നു പോകരുതെന്ന് സങ്കീ. 103:2 ൽ പറയുന്നു. നാം ദൈവത്തെ ആശ്രയിക്കുന്തോറും അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതു മുതൽ സൗഖ്യമാക്കുന്നതു വരെ, ജീവൻ പരിപാലിക്കുന്നതു വരെ, ദയയും കരുണയും നമ്മെ അണിയിക്കുന്നതു വരെ, നന്മ കൊണ്ട് തൃപ്തി വരുത്തി കഴുകനെ പോലെ പുതുക്കുന്നതു വരെ എത്രയോ അത്ഭുതകരമായ നന്മകളും വാഗ്ദത്തങ്ങളുമാണ് നമുക്ക് നൽകുന്നത്. യേശുവിനോടുള്ള നന്ദി പ്രകടിപ്പിക്കുവാൻ അവന്റെ പാദങ്ങൾ സുഗന്ധതൈലം കൊണ്ട് കഴുകിയ പാപിനിയായ സ്ത്രീയുടേയും (ലൂക്കൊ. 7:40-47) ചതിവായി വാങ്ങിയതെല്ലാം നാലിരട്ടിയായി മടക്കിക്കൊടുത്ത സക്കായിയുടെയും (ലൂക്കൊ. 19:3-6) ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു നന്ദിയും ഉപകാര സ്മരണയും.

2019 ലേക്ക് നാം എത്തിയിരിക്കുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് ദൈവത്തിന് സ്തോത്രം അർപ്പിക്കാം.

നഷ്ടക്കണക്കുകൾ ധാരാളമുണ്ടെങ്കിലും 2018 ൽ നിരവധി നേട്ടങ്ങളും നമുക്ക് കാണുവാൻ കഴിയും. കഴിഞ്ഞ ആഗസ്റ്റ് മാസം മനുഷ്യന്റെ മഹാമനസ്കതയുടെ മുഖം നമ്മുടെ കേരളം കണ്ടു. പൊതുവായൊരു പ്രതിസന്ധി വന്നപ്പോൾ പശ്ചാത്തലങ്ങളാലോചിക്കാതെ നമ്മളാൽ കഴിയുന്ന നന്മകളാൽ അവയെ തരണം ചെയ്യുവാൻ നാം ശ്രമിച്ചു. വലിയൊരു വെള്ളപ്പൊക്കം വന്നപ്പോൾ മനുഷ്യന്റെ നിസ്സഹായാവസ്ഥയും അവൻ സ്വയം പര്യാപ്തത കൈവരിക്കണമെങ്കിൽ ദൈവത്തിന്റെ സഹായം അനിവാര്യമാണെന്നും അനുഭവസ്ഥരിലൂടെ നാം കണ്ടും കേട്ടും അറിഞ്ഞു. സഭയെന്ന നിലയിൽ ദൈവത്തിന്റെ കരുതലിനെ നന്ദിയോടെ ഓർക്കാം. കേരളത്തിന് അകത്തും പുറത്തുമുള്ള വിശ്വാസികളുടെ ഉദാരവും ത്യാഗപൂർവ്വവുമായ പ്രയത്നം കൊണ്ട് നമുക്കും ദുരിതാശ്വാസ പ്രക്രിയകളിൽ ഏർപ്പെടുവാൻ സാധിച്ചു. സാമ്പത്തികമായി സഹായിച്ചവർക്കും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സ്വമനസ്സാലെ പ്രവർത്തിച്ചവർക്കും സേവനങ്ങൾ ചെയ്തവർക്കും ഞാൻ നന്ദി പറയുന്നു.

ചെറിയ ചില പ്രതിസന്ധികൾക്കിടയിലും പുതിയ വിശ്വാസികളെയും ശുശ്രൂഷകരെയും ദൈവം നമ്മുടെ കൂട്ടായ്മയോട് ചേർത്തുകൊണ്ടിരിക്കുന്നു. പിശാച് പലപ്പോഴും നമ്മുടെ ഐക്യതയെ കെടുത്തുകയും നല്ലയാളുകളെ സ്വാർത്ഥ മനോഭാവത്തോടെ പ്രവർത്തിക്കുവാനും ചിന്തിക്കുവാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച്

*(ശേഷം പേജ് 10)*

## Presidents Message

The meaning of "Thanksgiving" in the Bible is multifaceted. Bible verses about Thanksgiving in the Old Testament are closely tied to "praise." The people would praise God for who He is (Ps. 106:1; 118:1; 136:1) or for delivering them from a bad situation (Lev. 7:11-16; Ps. 107:21-22).

In the New Testament, verses in the Bible about thanksgiving expand upon the limited scope of the concept in the Old Testament. What we see in the New Testament is that "thanksgiving" becomes a way of life for us in the good times and the bad.

Thanksgiving is a general expression of gratitude to God for who is and what He has done for us and through us.

Our motherland (Kerala) saw one of the most destructive forces of nature earlier this year. The recovery efforts are still underway. Rebuilding is slow and tedious. But as the sun bids goodbye each day, are we truly thankful, even in times of great trouble? Do we look forward to the promise of a brighter tomorrow? Jesus tells us "Do not let your hearts be troubled" in John 14:1.

The ability to see God's handy work in our lives will produce a lifestyle of gratitude. Through the storms of life, God takes care of us. Not always the way we want but meeting and exceeding our needs and expectations. Psalm 103:2 tell us not to forget "all his benefits." Forgiveness of sins to healing, to life preservation, to covering us with love and compassion, to satisfying us and renewing us like an eagle are just some of the unbelievable attributes of God and promises to hold on to as we trust in Him. From the "sinful woman" who put oil on Jesus' head and poured perfume on his feet as an expression of her thankfulness (Luke 7:40-47) to Zacchaeus paying back fourfold from what he took from others (Luke 19:3-6), thankfulness and gratitude became a hallmark of their life.

# Thanksgiving

As we enter to 2019, we ought to give thanks with a grateful heart.

Despite heavy losses this year, we can see 2018 as a year of major accomplishments. Kerala saw human decency in August as people of different background pulled their resources to overcome a common foe. While man's helpless was evident during the floods, his need for total reliance on God was heard and seen from the victims. As a church, we are grateful to God for his provisions. We were able to assist in relief and recovery efforts because of the generous and sacrificial giving of our believers in Kerala and overseas. I thank each of you for your part, be it with monetary help or volunteering with relief efforts and services.

God is bringing new believers and new pastors in our fellowship despite opposition from some. Satan wants to destroy our unity and often uses good people with selfish motives to have bad judgments and actions.

Our new office building structure was completed and dedicated to the glory of God. It still needs furnishing, and I believe the office will be fully functional in a few months. Our General Convention was a real blessing. We are seeing signs of greater cooperation from our believers and churches. We have many pastors and youngsters with gifts and talents that can edify the church. We saw the release of Sunday school textbooks in Hindi, a symposium relevant to current issues, and publication of two new books that can help our pastors grow deeper with their call. Our CEM team has boldly taken the gospel to the highways and byways of Kerala. Newly formed Evangelism board is undertaking different strategies to fulfill the Great Commission. (Mat. 28) The Vanitha Samajam remain a vital part of our church and is often a big source of help and support for many believers. I am so thankful for the many prayer warriors. These unsung heroes are the backbone of our church through their constant prayer. This year we saw our churches expansion by adding new workstations in many parts of India. We have reports of baptisms in Punjab, Delhi, Andhra and most recently in Kerala during our annual convention. In Maharashtra, we have five new workstations. In Bihar, we are developing twenty new work. In Punjab, a new church building is being constructed for the glory of God. In Bangalore, new Bible training classes are being formed. God is bringing new believers and new pastors in our fellowship despite opposition from some. All Glory belongs to God.

Our convention theme "Return back to God" is as relevant today as it was in the days as Israel wandered in the wilderness. As we reached to the beginning of 2019, let us turn back to God for his provision and protection. He is good. He is Merciful, Patient and Compassionate.

Let me offer Special thanks to the Ministerial and Managing council for your careful, attentive progressive functioning of the church. I pray a blessing on all elected officers of our church. May all of our pastors and believers see a greater move of God in 2019!

Let's seek the face of God foremost as we build the church together!

***Rev. John Thomas***



# വിശ്വസ്തന്മാരുടെ വംശനാശം

**ഈ കാലഘട്ടത്തിലും ഉയർന്നുകേൾക്കുന്നത് വിശ്വസ്തന്മാർ കുറഞ്ഞുപോകുന്നു എന്ന ദാവീദിന്റെ നിലവിളിയാണ്. പെട്ടകം ചുമക്കാൻ വിശുദ്ധരെയാണ് ചുമതലപ്പെടുത്തിയിരുന്നത്, വിരുതന്മാരെയല്ല. ദൈവസഭയെ നയിക്കാൻ വിശ്വസ്തരെയാണ് ആവശ്യം, തന്ത്രങ്ങൾ മെനയുന്ന വിദഗ്ധരെയല്ല.**



**ഡോ. സാബു പോൾ**

**രാ**ജാവ് വേഷപ്രച്ഛന്നനായി കുതിരപ്പുറത്ത് വരികയായിരുന്നു. വഴിയരികിൽ യാചിക്കുന്ന ഭിക്ഷക്കാരൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. ദയതോന്നിയ രാജാവ് കുതിരപ്പുറത്തുനിന്നിറങ്ങി അയാളെ സമീപിക്കുമ്പോഴേക്കും പെട്ടെന്ന് ചാടിയെഴുന്നേറ്റ യാചകൻ വേഗത്തിൽ രാജാവിന്റെ കുതിരപ്പുറത്തു കയറി ഓടിച്ചുപോയി. പിന്നിൽനിന്നും അയാളെ രാജാവ് വിളിച്ചു: "നിങ്ങൾ എന്റെ കുതിരയെ കൊണ്ടുപൊയ്ക്കൊള്ളൂ. പക്ഷെ ദയവായി ഒരു കാര്യം കേൾക്കണം." സുരക്ഷിതമായ അകലത്തിൽ കുതിരയുമായി നിന്ന മോഷ്ടാവിനോട് രാജാവ് പറഞ്ഞു: "നിങ്ങൾ ഈ രീതിയിലാണ് എന്റെ കുതിരയെ കൈവശമാക്കിയതെന്ന് ആരോടും പറയരുത്. കാരണം നാളെ യാചകരെ സഹായിക്കാൻ എന്റെ രാജ്യത്ത് ആരും തയ്യാറാകില്ല. അവർ അവഗണിക്കപ്പെടും."

ദയയോടെ യാചകരെയും അംഗപരിമിതരെയും ജനം കണ്ടുകൊണ്ടിരുന്ന കാലത്താണ് ഗോവിന്ദച്ചാമിമാരുടെ അരങ്ങേറ്റം കേരളത്തിലുണ്ടായത്. ഐതിഹ്യമനുസരിച്ച് ദാനധർമ്മിഷ്ഠനായ മഹാബലിയുടെ നല്ല സ്വഭാവത്തെ ചൂഷണം ചെയ്തുകൊണ്ടാണല്ലോ വാമനൻ മൂന്നടി സ്ഥലം യാചിച്ചതും അത് ചതിയായി മാറ്റുന്നതും. വീടുകളിൽ ഭിക്ഷ യാചിക്കാൻ വരുന്നവരോട് കരുണ കാണിച്ച പലരും, സാഹചര്യം നിരീക്ഷിച്ചു പോയവർ രാത്രിയിൽ ഭവനഭേദനം നടത്തി സകലതും കൊണ്ടുപോയപ്പോഴാണ് അവർ കേവലം യാചകരല്ലായിരുന്നു എന്ന് തിരിച്ചറിഞ്ഞത്. ട്രെയിനിൽ പരിചയപ്പെട്ട് നല്ല സൗഹൃദം സ്ഥാപിച്ച വ്യക്തി വാങ്ങിക്കൊടുത്ത പാനീയം കുടിച്ചവർക്ക് ബോധവും വിലപിടിപ്പുള്ള സാധനങ്ങളും നഷ്ടപ്പെട്ട ചരിത്രങ്ങളും നിരവധിയാണ്.

വിശ്വസ്തന്മാരുടെ വംശനാശത്തെക്കുറിച്ച് ഭക്തനായ ദാവീദ് പരിതപിക്കുന്നു (സങ്കീ. 12:1). ജീവിതത്തിൽ വിശ്വസ്തതയോടെ വർത്തിച്ച ദാവീദിന് പലപ്പോഴും ചതിക്കുഴികളും ആക്രമണങ്ങളും അപവാദങ്ങളും നേരിടേണ്ടിവന്നു. ദാവീദിനെതിരെ ശൗൽ നയിച്ച ആക്രമണങ്ങളെ പിന്തുണയ്ക്കാൻ നിരവധി ആളുകളുണ്ടായിരുന്നു. ജീവാപായം ഭയന്ന് പാലായനം ചെയ്യുന്ന ദാവീദിന്റെ പ്രഥമഘട്ടം പരാജയമെന്ന് ജനം വിലയിരുത്തി. പക്ഷെ വിശ്വസ്തതയ്ക്ക് പ്രതിഫലം നൽകുന്ന ദൈവത്തെയാണ് ദാവീദ് ആശ്രയിച്ചത്. അതുകൊണ്ടുതന്നെ അവനെക്കുറിച്ചുള്ള ദൈവീക വാഗ്ദത്തപ്രകാരം ദാവീദ് യിസ്രായേലിന്റെ സിംഹാസനത്തിൽ എത്തിച്ചേർന്നു.

**ദൈവീക വിശ്വസ്തത**

ദൈവത്തോടുള്ള ബന്ധത്തിൽ 'ദയയും വിശ്വസ്തതയും' പലപ്പോഴും ആവർത്തിക്കപ്പെടുന്ന വസ്തുതകളാണ്. ദൈവത്തിന്റെ അടിസ്ഥാന ഗുണമെന്നതിലുപരി മനുഷ്യനുമായുള്ള ബന്ധത്തിൽ വെളിപ്പെടുന്നതാണ് ദയയും വിശ്വസ്തയും. ദയ എന്നത് തന്റെ വാഗ്ദത്തങ്ങളും ഉടമ്പടികളും സഫലമാക്കുവാൻ ദൈവം കാണിക്കുന്ന ആത്മാർത്ഥതയാണ്. വിശ്വസ്തത തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കാൻ ദൈവം കാണിക്കുന്ന കാർക്കശ്യവും (സങ്കീ. 54:5). ദയയും വിശ്വസ്തതയും ദൈവം ഒരുപോലെ കാണിക്കുന്നുവെന്നതാണ് ഭക്തന്റെ ധൈര്യം. ദൈവത്തെക്കുറിച്ച് പറയുമ്പോഴൊക്കെ നിന്റെ 'ദയയും വിശ്വസ്തതയും' എന്ന് ഒരുമിച്ചാണ് രേഖപ്പെടുത്തുന്നത്.

തന്റെ യജമാനന്റെ മകന് ഭാര്യയെ കണ്ടെത്താൻ പുറപ്പെട്ട എലയാസർ വിശ്വസിച്ചത് തന്റെ യജമാനൻ ആരാധിക്കുന്ന ദൈവം കാര്യം സാധിപ്പിക്കുമെന്നാണ്. അബ്രഹാമിനെ വിശ്വസ്തതയോടെ സേവിക്കുന്ന ദാസൻ അബ്രഹാമിന്റെ ദൈവത്തോട് പ്രാർത്ഥിക്കുന്നു. തുടർന്ന് നടക്കുന്ന കാര്യങ്ങളെല്ലാം അവിശ്വസനീയമാണ്. അദൃശ്യ ദൈവം സമഗ്ര മേഖലകളെയും നിയന്ത്രിച്ച് ശരിയായ വ്യക്തിയെ തന്നെ മുന്നിലെത്തിക്കുന്നു. തന്റെ യജമാനനോടുള്ള ദയയും വിശ്വസ്തതയും ദൈവം ഉപേക്ഷിച്ചിട്ടില്ലെന്ന് കാര്യങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്ത എലയാസർ ഉറപ്പിക്കുന്നു (ഉല്പ. 24:27).

"ഞങ്ങൾക്കല്ല യഹോവേ ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നേ മഹത്വം വരുത്തേണമേ" (സങ്കീ. 115:1) എന്ന യിസ്രായേലിന്റെ പ്രാർത്ഥന സുപരിചിതമാണ്. പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതവണ്ണം പരിധിക്കപ്പുറമാകുമ്പോൾ ദൈവകരം അനുകൂലമായി ചലിപ്പിക്കാൻ യിസ്രയേൽ ജനം കഴിഞ്ഞകാല ദൈവിക പ്രവൃത്തികളെ ഓർമ്മിപ്പിച്ച് ദൈവത്തോട് പ്രാർത്ഥിക്കാറുണ്ട്. ഗതകാല സ്മരണകൾ വർത്തമാനകാല വിടുതലിനുള്ള സാദ്ധ്യതയായി അവർ മാറ്റി. മറ്റൊന്ന്, തങ്ങളിൽ കുറവുകൾ നിറഞ്ഞുനിൽക്കുമ്പോഴും അപരിമേയനായ ദൈവത്തിന്റെ സ്വഭാവം ത്യജിക്കാൻ അവന് കഴിയാത്തതിനാൽ അവിടുന്ന് തങ്ങളെ സഹായിക്കും എന്നവർ വിശ്വസിച്ചു. "നിങ്ങളുടെ ദൈവം

ഇപ്പോൾ എവിടെ?" എന്ന് വിഗ്രഹാരാധികളായ ജാതികൾ ചോദിക്കുമ്പോൾ യഹോവ തങ്ങളെ ഓർക്കണമെന്നും തങ്ങൾ നന്ദിയോടെ അവനെ സ്തുതിക്കുമെന്നുമാണ് അവരുടെ പ്രാർത്ഥനയും വാഗ്ദാനവും.

ഒരു വടിയോടെ യാത്ര സമാരംഭിച്ച യാക്കോബ് സ്വപ്നശേഷം ഉറക്കമുണർന്നപ്പോൾ തിരിച്ചറിഞ്ഞ ദൈവസാന്നിദ്ധ്യത്തിന് നന്ദി പറഞ്ഞ് ഉടമ്പടി ചെയ്ത് യാത്ര തുടർന്നു. ഏറ്റവും അത്യാവശ്യമായ കാര്യങ്ങൾ മാത്രമാണ് അവൻ ചോദിച്ചതെങ്കിലും ചോദിച്ചതിനെക്കാൾ നിനച്ചതിനെക്കാൾ അത്യന്തം പരമായി ദൈവം നൽകി. കുതന്ത്രങ്ങളുടെ ആശാനായ ലാബാൻ പല നിലകളിൽ ഒതുക്കാൻ ശ്രമിച്ചിട്ടും യാക്കോബ് അനുഗ്രഹം പ്രാപിച്ചതിനു പിന്നിൽ ദൈവത്തിന്റെ ദയയും വിശ്വസ്തതയുമായിരുന്നെന്ന് വർഷങ്ങൾക്കുശേഷം പ്രതിസന്ധിയുടെ നടുവിൽ അവൻ സ്മരിക്കുന്നു (ഉല്പ. 32:10). വ്യാജ ദൈവങ്ങൾ സാഹചര്യത്തിനനുസരിച്ച് വാക്കു മാറുമ്പോൾ തന്റെ ജനത്തെ ആപൽഘട്ടങ്ങളിൽ കരുതുകയും സംരക്ഷണമൊരുക്കുകയും ചെയ്യുന്ന, വാക്കു മാറാത്ത വിശ്വസ്തനാണ് യിസ്രായേലിന്റെ ദൈവം.

ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് യുഗാന്ത്യശാസ്ത്രപരമായ അർത്ഥതലമുണ്ട്. തന്നോട് അവിശ്വസ്തത കാണിച്ച് അകന്നുപോയ യിസ്രായേലിനെ വീണ്ടെടുത്ത് അവർക്ക് രക്ഷ നൽകുമെന്നുള്ള സന്ദേശം ദൈവത്തിന്റെ വിശ്വസ്തതയുടെ ഭാവികാല വാഗ്ദാനമായി പ്രവാചകന്മാർ ചൂണ്ടിക്കാണിക്കുന്നു (മീഖ. 7:18–20; ഹോശേയ 2:19,20). അബ്രഹാമിനോട് ചെയ്ത ഉടമ്പടിയിൽ അചഞ്ചലനായി നിൽക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് തെളിവാണ്, തങ്ങളുടെ സമകാലികരായിരുന്ന ഫെലിസ്ത്യനും കനാന്യനും അമോര്യനുമൊക്കെ തകർന്നുപോയപ്പോഴും യിസ്രായേൽ തങ്ങളുടെ സ്വത്വം ഇന്നും കാത്തുസൂക്ഷിക്കുന്നത്.

**മാനുഷിക വിശ്വസ്തത**

വിശ്വസ്തത എന്ന സവിശേഷ ഗുണം മനുഷ്യരോടുള്ള ബന്ധത്തിൽ പരാമർശിക്കുമ്പോൾ അവരുടെ വിശ്വാസ്യതയെയാണ് വിവക്ഷിക്കുന്നത്. വിശ്വസ്തതയുള്ള ഒരു മനുഷ്യൻ എന്ന് പറഞ്ഞാൽ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും വിശ്വസിക്കാനും ആശ്രയിക്കാനും കൊള്ളാം എന്ന് സാരം. ലാബാന്റെ ഭവനത്തിൽ വിവാഹാലോചനയുമായി ചെല്ലുന്ന എലയാസർ താൻ പുറപ്പെട്ടപ്പോൾ മുതൽ സംഭവിച്ച കാര്യങ്ങളെ വിശദീകരിച്ചതിനുശേഷം തന്റെ യജമാനനോട് വിശ്വസ്തതയുണ്ടെങ്കിൽ കാര്യങ്ങൾക്ക് തീർപ്പു വരുത്താൻ ആവശ്യപ്പെടുന്നു (ഉൽപ. 24:49). യോസഫിന്റെ സഹോദരന്മാർ ധാന്യം ശേഖരിക്കാൻ മിസ്രയീമിൽ എത്തിയപ്പോൾ, അവർ പറഞ്ഞതിലെ പരമാർത്ഥത അംഗീകരിക്കണമെങ്കിൽ അവർ വെളിപ്പെടുത്തിയതുപോലെ ബന്യാമീനെ കൊണ്ടുവരണമെന്ന് യോസഫ് നിർബന്ധം പിടിക്കുന്നു (ഉല്പ. 42:16). തന്റെ നിര്യാണത്തിന് തൊട്ടുമുമ്പ് യാക്കോബ് യോസഫിനോട് മിസ്രയീമിൽ തന്നെ അടക്കം ചെയ്യരുതെന്ന് ആവശ്യപ്പെടുമ്പോഴും അത് വിശ്വസ്തതയോടെ നിർവഹിക്കാൻ സത്യം ചെയ്യിപ്പിക്കുന്നു (ഉൽപ. 47:29). സത്യസാക്ഷി എന്നാൽ യാഥാർത്ഥ്യങ്ങളുമായി യോജിക്കുന്ന ശരിയായ സാക്ഷ്യം പറയുന്നവനാണെന്ന് ശലോമോനും ചൂണ്ടിക്കാട്ടുന്നു (സദൃ. 14:25).

**ദൈവീക വിശ്വസ്തതയോടുള്ള പ്രതികരണം**

വിശ്വസ്തനായ ദൈവത്തിന്റെ മക്കളും വിശ്വസ്തരാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു (പുറ. 18:21, നെഹ. 7:2). ദൈവത്തെ സേവിക്കുന്നത് വിശ്വസ്തതയോടെയാകണം (യോശുവ. 24:14; 1 ശമു. 12:24). നടപ്പിൽ വിശ്വസ്തത അനിവാര്യമാണ് (2 ദിന. 32:20). വെളിപ്പെടുത്തപ്പെട്ട ദൈവിഹതത്തിന്റെ അടിസ്ഥാനത്തിൽ ദൈവമക്കൾക്ക് ജീവിക്കാൻ കഴിയാതിരുന്നാൽ അത് അവിശ്വസ്തതയാണ്. വിശ്വസ്തത ഭൂമിയിൽ നിന്ന് മുളയ്ക്കുമ്പോഴാണ് നീതി സ്വർഗ്ഗത്തിൽ നിന്ന് നോക്കുന്നത് (സങ്കീ. 85:11).

ഈ കാലഘട്ടത്തിലും ഉയർന്നു കേൾക്കുന്നത് വിശ്വസ്തന്മാർ കുറഞ്ഞുപോകുന്നു എന്ന ദാവീദിന്റെ നിലവിളിയാണ്. പെട്ടകം ചുമക്കാൻ വിശുദ്ധരെയാണ് ചുമതലപ്പെടുത്തിയിരുന്നത്, വിരുതന്മാരെയല്ല. ദൈവസഭയെ നയിക്കാൻ വിശ്വസ്തരെയാണ് ആവശ്യം, തന്ത്രങ്ങൾ മെനയുന്ന വിദഗ്ധരെയല്ല.

**ഉപസംഹാരം**

ദൈവത്തിന്റെ ദയയും വിശ്വസ്തതയും ജീവിതത്തിൽ വെളിപ്പെടുത്താൻ കുറുക്കുവഴികളില്ല. ദൈവത്തോടും മനുഷ്യരോടും വശ്വസ്തരായിരിക്കുക എന്നതാണ് ഏക മാർഗ്ഗം. ദിശയറിയാതെ ഉഴലുന്ന നാൽക്കവലകളിൽ ദൈവത്തിൽ വിശ്വസ്തതയോടെ ആശ്രയിക്കുന്ന ഭക്തൻ ഉദ്ദിഷ്ട സ്ഥാനത്തെത്തും. ദൈവീക ഉടമ്പടിയോട് വിശ്വസ്തനായി നിൽക്കുന്നവനെ ദൈവം ഐശ്വര്യമായി അനുഗ്രഹിക്കും. ഏതൊരു വ്യക്തിയും പ്രസ്ഥാനവും വിശ്വസ്തതയോടെ ദൈവമുമ്പിൽ നിന്നാൽ അത് വളർച്ചയ്ക്കുള്ള വളമായിത്തീരുന്നു. ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ തുടക്കം മുതൽ വിശ്വസ്തയോടെ ദൈവത്തെ സേവിക്കുവാനും സഭയെ നടത്തുവാനും അനുയോജ്യരായ നേതൃവൃന്ദത്തെ കർത്താവ് നൽകി. വിശ്വസ്തതയോടെ ദൈവത്തെ സേവിക്കുവാനും ക്രിസ്തീയ ജീവിതം നയിക്കുവാനും വ്യക്തിപരമായി തീരുമാനമെടുക്കുമ്പോൾ തന്നെ ആത്മീയ പ്രസ്ഥാനങ്ങളെ നയിക്കുന്നവരെയോർത്ത് പ്രാർത്ഥിക്കാം. വിശ്വസ്തർക്ക് വംശനാശം ഭവിച്ചാൽ ദൈവീക അനുഗ്രഹങ്ങളുടെ ഉറവുകൾ അടഞ്ഞുപോയേക്കാം. വിശ്വസ്തർ വർദ്ധിച്ചാൽ രാജ്യത്തിന്റെ ഭാഗധേയം മാറ്റിയെഴുതപ്പെടുമെന്നതിൽ രണ്ടുപക്ഷമില്ല. ■


## നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

*(6-ാം പേജ് തുടർച്ച)*

ന്നതും തെറ്റല്ല. കേരളത്തിലെ അതിപ്രസിദ്ധനായ ഒരു ദൈവദാസൻ ക്ഷീണിതനായി. തന്റെ പാസ്റ്റർ അടുത്ത ബന്ധുവും കൂടിയാണ്. കൂടെക്കൂടെ വന്ന് പ്രാർത്ഥിച്ചും പോകും. ഒരിക്കൽ ആളു വിട്ട് പാസ്റ്ററെ വരുത്തി ക്ഷീണിതനായ ദൈവദാസൻ പാസ്റ്ററോട് ഷെൽഫിൽ ഇരിക്കുന്ന ചെറിയ ബൈബിൾ ബാഗ് എടുപ്പാൻ പറഞ്ഞു. ബാഗ് എടുത്ത് അതിൽനിന്ന് കുറെ കൂടുതൽ തുക എടുത്ത് കൊടുത്തു. ഇത് ഞാൻ താങ്കൾക്ക് തരാൻ ഉള്ളതാണ്. പാസ്റ്റർ ചോദിച്ചു: എനിക്കെന്താണ് തരാനുള്ളത്? പിതാവ് പറഞ്ഞു എന്റെ ചില ഇടപാടുകളിൽ കിട്ടിയ നന്മയുടെ താങ്കൾക്ക് അവകാശപ്പെട്ട ദശാംശമാണ്. മാന്യമായ തുക സങ്കടത്തോടെ അദ്ദേഹം വാങ്ങി. ഇനി നീ എനിക്കായി പ്രാർത്ഥിക്കുക ഞാൻ ഒന്നു വിശ്രമിക്കട്ടെ. ദൈവഭൃത്യൻ പ്രാർത്ഥിച്ചിറങ്ങി ചില ദിവസങ്ങൾക്കുള്ളിൽ ദൈവദാസൻ നിത്യതയെ പൂകി.

ദൈവീക ബന്ധത്തിൽ കൊടുക്കൽ വാങ്ങൽ എങ്ങനെയുണ്ട്. ശുദ്ധീകരണം വല്ലതും ഉണ്ടോ എന്തെങ്കിലുമൊക്കെ ക്രമപ്പെടുത്താനുണ്ടോ? ചിന്തിക്കുക. ഏതു മനുഷ്യനും എപ്പോഴും ഒരുക്കമുള്ള ജീവിതം തുടരണം.

അപ്പോസ്തല ശ്രേഷ്ടരായ പത്രോസ്, പൗലോസ് മുതലായവർ തങ്ങളുടെ ഒരുക്കങ്ങളും ക്രമീകരണങ്ങളും ഉച്ചൈസ്തരം ഘോഷിച്ചിട്ടുണ്ട്. ■



# നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

നിങ്ങൾ കടന്നുപോകുന്നതിനു മുൻപ് ക്രമപ്പെടുത്താനുള്ളതെല്ലാം കൃത്യമായി ക്രമപ്പെടുത്തണം. വസ്തുവകകൾ, അവകാശികൾ, ദൈവീക പ്രവർത്തികൾ ഇതെല്ലാം കൃത്യമായിരിക്കണം. മരണശേഷം മക്കൾ തമ്മിൽ അടിപിടി ഉണ്ടാക്കാതിരിപ്പാൻ മരണപത്രികകൾ ചിന്തയോടും കൃത്യതയോടും ചെയ്യണം. ഒന്നിലും പക്ഷപാതപരമാകാതെ ശ്രദ്ധിക്കണം. സകല ഭക്തരും ഒരു നല്ല ഫോട്ടോയും ചേർക്കേണ്ട കുറിപ്പും എഴുതി വയ്ക്കുന്നതും തെറ്റല്ല.



**പാസ്റ്റർ ബോസ് എം. കുരുവിള**

*"നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക നീ മരിച്ചുപോകും" (2 ദിന. 32:24; 1 രാജാ. 20:1; യെശ. 38:1)*

**യി**സ്രായേൽ രാജാക്കന്മാരിൽ ഏറിയ പങ്കും ദൈവീക നന്മയും സംരക്ഷണവും വിടുതലും അനുഭവിച്ച ശേഷം യഹോവയ്ക്ക് അനിഷ്ടമായി നടന്നവരാണ്. എന്നാൽ യഹോവയ്ക്ക് പ്രസാദമായി ജീവിച്ച ചുരുക്കം ചില യിസ്രായേൽ രാജാക്കന്മാരിൽ ഒരാളാണ് ഹിസ്കിയാവ്. ദൈവം ശക്തീകരിക്കുന്നവൻ എന്നാണ് ഈ പേരിന്റെ അർത്ഥം. യെഹിസ്കിയാവ് എന്നും ഹിസ്കിയാവ് എന്നും ചേർത്തിരിക്കുന്ന രണ്ടുപേരും ഒരാൾ തന്നെ. ഹിസ്കിയാവിന്റെ പിതാവായ ആഹാസിന്റെ പരാജയങ്ങൾ വളരെ ആയിരുന്നു. ഏറ്റവും അധഃപതിക്കപ്പെട്ട കാലമായിരുന്നു അത്. അദ്ദേഹം ദൈവാലയത്തിലെ പാത്രങ്ങൾ ഉടച്ചും ആലയ വാതിലുകൾ അടച്ചും കളഞ്ഞു. മക്കളെ വരെ അഗ്നിപ്രവേശം ചെയ്യിച്ചു. അന്യദേവന്മാർക്ക് ബലിപീഠങ്ങളും പൂജാഗിരികളും ഉണ്ടാക്കി തനിക്ക് മുമ്പുണ്ടായിരുന്ന യിസ്രായേൽ രാജാക്കന്മാരിൽ ആഹാബിന്റെ തുല്യനായി ത്തീർന്നു. ഈ ആഹാസിന്റെ മകൻ യിസ്ക്കിയാവ് പിതാവു ചെയ്തതുപോലെ ചെയ്തില്ല. അപ്പൻ അടപ്പിച്ച ആലയത്തിന്റെ വാതിലുകൾ തുറന്നു, അറ്റകുറ്റം തീർത്തു, വിശുദ്ധ മന്ദിരം ശുദ്ധീകരിച്ചു, ആലയത്തിലെ മലിനതകൾ നീക്കം ചെയ്തു, സർവ്വജനത്തേയും ദൈവീക വഴിയിൽ ആക്കി.

ദൈവം സ്നേഹിച്ച ഹിസ്കിയാവിന് ആലോചന കൊടുക്കുവാൻ പ്രവാചകശ്രേഷ്ഠനായ യെശയ്യാവിനെ നിയോഗിച്ചു. ആലോചന പ്രകാരം ജീവിതവും ഭരണക്രമവും ഭംഗിയായി നടന്നുവന്നു. എന്നാൽ ഏതു മനുഷ്യനും മാറ്റപ്പെടണം എന്നതും ദൈവീക നീതിയാണ്. സകല മനുഷ്യനും ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം, മരണം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകുക എന്നത് ദൈവീക പദ്ധതിയാണ്. ഭക്തന്റെ പഴയ ഉദ്ധരണി; "ഈ ലോകമെല്ലാം ഒരു നാടകം താൻ മാലോകരെല്ലാം ഇതിലെ നടന്മാർ. ഓരോരോനാളും നടനം നടത്തും ഏഴംഗമുണ്ടി നരനാടകത്തിന്." സകല മനുഷ്യനും ഏഴംഗമുള്ള നാടകത്തിന്റെ ഓരോ ഭാഗം രാവിലെ മുതൽ നടിച്ചുകൊണ്ടിരിക്കയാണ്. ഒടുവിൽ അവസാന ഭാഗം പൂരിപ്പിച്ച് കടന്നുപോകും.

കന്യാകുമാരി നെയ്യാറ്റിൻകര നെച്ചൂർ ഭാഗത്തെ അതിഭക്തനായ സുവിശേഷപ്രവർത്തകനും ഭിഷഗ്വരനുമായിരുന്ന ഡോക്ടർ സോമർവെൽ സംസാരത്തിൽ രസികത കലർത്തുമായിരുന്നു. നിരവധി ചരിത്രങ്ങൾ ആ മഹാത്മാവിനെക്കുറിച്ചുണ്ട്. ഒരിക്കൽ ഒരു സ്ത്രീ, ഡോക്ടർ സോമർവെല്ലിന്റെ ആശുപത്രിയിൽ തന്റെ മകനുമായി വന്നു. വളരെ ക്ഷീണിതനായ മകനെ സോമർവെൽ പരിശോധിച്ചു മരുന്നുകൾ നല്കി. ഡോക്ടർ വളരെ തിരക്കിലാണ്. ഈ സ്ത്രീ പോകാതെ കുറെ നേരം നിന്നു. ഡോക്ടറും ക്ഷീണിതനാണ്. ഡോക്ടറെ എന്റെ മകൻ മരിച്ചുപോകുമോ? സ്ത്രീ ചോദിച്ചു. ഡോക്ടർ പറഞ്ഞു നിശ്ചയമായും മരിക്കും. അവർ അലറിക്കരഞ്ഞു. നീയും മരിക്കും, ഡോക്ടർ തുടർന്നു. ഇവന്റെ അപ്പനും മരിക്കും. അവാനം ഡോക്ടർ അവളെ സാന്ത്വനിപ്പിച്ചു പറഞ്ഞു: സോമർവെല്ലാകുന്ന ഞാനും മരിക്കും. ഇതൊന്നും ഉടനെയല്ല, ഇപ്പോൾ നീ ശാന്തമായി നിന്റെ മകനെ കൊണ്ടുപോകൂ. മരുന്നും ഭക്ഷണവും കൊടുക്കൂ. അവൻ മിടുക്കനായി ജീവിച്ചുകൊള്ളും.

ഹിസ്കിയാവിനോട് മഹാപ്രവാചകനായ യെശയ്യാവിന്റെ ശക്തമായ ദൂത്, നീ മരിച്ചുപോകും എന്നായിരുന്നു. ഇത് ഹിസ്കിയാവിന് മാത്രമുള്ള ദൂതല്ല, സകലരോടും ഉള്ള ദൂതാണ്.

നീ മരിച്ചുപോകും, എന്നാൽ ഗൃഹകാര്യം ക്രമത്തിലാകണം. വൈകിട്ട് കിടക്കാൻ നേരത്ത് നന്നായി വസ്ത്രധാരണം ചെയ്ത് വൃത്തിയായി കിടക്കണം. ആളുകൾ ഓടിക്കൂടുമ്പോൾ അവർക്ക് പണി കുറഞ്ഞിരിക്കട്ടെ. വാർദ്ധക്യകാലത്ത് ക്രമീകരണങ്ങൾ എഴുതിവയ്ക്കുന്നത് നല്ലതാണ്. ഭൂഗണ്ഡാന്തര യാത്ര ചെയ്യുന്ന ധാരാളം ആളുകൾ ഉണ്ടല്ലോ. സാധാരണ അവർ ചെയ്യുന്നത്, ഓരോ യാത്രകളും തുടങ്ങുന്നതിനു മുൻപ് വീടും വസ്തുവകകളും സൂക്ഷിപ്പാൻ വിശ്വസ്തരെ ഏല്പിക്കും. സാധനസാമഗ്രികൾ ഒക്കെ സുരക്ഷിതമായി വെക്കും. അടുത്ത വരവിന് എല്ലാം ക്രമപ്പെടുത്തും. ദീർഘവർഷങ്ങൾ ഇത് തുടരും എന്ന മിഥ്യരും കുറവല്ല. നിങ്ങൾ കടന്നുപോകുന്നതിനു മുൻപ് ക്രമപ്പെടുത്താനുള്ളതെല്ലാം കൃത്യമായി ക്രമപ്പെടുത്തണം. വസ്തുവകകൾ, അവകാശികൾ, ദൈവീക പ്രവർത്തികൾ ഇതെല്ലാം കൃത്യമായിരിക്കണം. മരണശേഷം മക്കൾ തമ്മിൽ അടിപിടി ഉണ്ടാക്കാതിരിപ്പാൻ മരണപത്രികകൾ ചിന്തയോടും കൃത്യതയോടും ചെയ്യണം. ഒന്നിലും പക്ഷപാതപരമാകാതെ ശ്രദ്ധിക്കണം. സകല ഭക്തരും ഒരു നല്ല ഫോട്ടോയും ചേർക്കേണ്ട കുറിപ്പും എഴുതിവയ്ക്കു

*(ശേഷം പേജ് 6)*




# ദൈവരാജ്യ വ്യാപനത്തിലെ സ്ത്രീ പങ്കാളിത്തം



ജെസി കോശി

ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 497–ാം വകുപ്പിന്റെ ഭരണഘടനാ സാധുത സംബന്ധിച്ച ഹർജിയിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ നിർണ്ണായക വിധി സ്ത്രീത്വത്തിന്റെ അന്തസ്സിനും അവകാശങ്ങൾക്കും പുതിയൊരു മാനം നൽകുകയാണ്. ലിംഗ സമത്വം ഉറപ്പാക്കിക്കൊണ്ടുള്ള കോടതിവിധി ഭാരതത്തിലെ ഏതൊരു സ്ത്രീക്കും ആഭിമാനിക്കത്തക്കതാണ്. മതങ്ങൾ എക്കാലവും സ്ത്രീകളോട് ലിംഗവിവേചനത്തിന്റെ സമീപനമാണ് പുലർത്തിയിരുന്നത്. മതത്തിന്റെയും ആചാരത്തിന്റെയും 'ഫ്രെയിമിന്' ഒരിക്കലും സ്ത്രീത്വത്തെ ബൈബിളിന്റെ കാഴ്ചപ്പാടോടെ കാണാൻ കഴിഞ്ഞിട്ടില്ല. കാണാൻ കഴിയുന്ന കാലം ഈ ഭൂമിയിൽ ഉണ്ടാകുമെന്ന് സ്വപ്നേപി വിചാരിക്കേണ്ടതുമില്ല. മതങ്ങളുടെ 'ഫ്രെയിമിലൂടെ' നോക്കുമ്പോൾ കാഴ്ച ലഭിച്ചു എന്നഭിമാനിക്കുന്നവർ പോലും മനുഷ്യരെ മരങ്ങളായി കാണുമ്പോൾ അന്ധകാരത്തിൽ തപ്പിത്തടയുന്ന മതങ്ങളുടെ ഗതി, മറിച്ചൊന്നാകാനിടയില്ലല്ലോ. വിദ്യാഭ്യാസ, സാംസ്കാരിക, കായിക, ശാസ്ത്രീയ മേഖലകളിൽ ബഹുദൂരം പടവുകൾ താണ്ടിയ, ദൈവത്തിന്റെ സ്വന്തം നാട് എന്ന് ഉച്ചൈസ്തരം ഘോഷിക്കുന്ന കൊച്ചുകേരളത്തിന്റെ വിരിമാർവ്വിൽ – സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ അരങ്ങേറുന്ന മതഗർജ്ജനങ്ങൾ ഈ സത്യത്തിന് അടിവരയിടുകയാണ് ചെയ്യുന്നത്.

സ്ത്രീകളുടെ അതിജീവനത്തിന്റെ പാരമ്പര്യം പലപ്പോവും തീവ്രമായ പോരാട്ടങ്ങളുടെ ചരിത്രമാണ്. എന്തിനധികം! മാറുമറയ്ക്കുവാനുള്ള അടിസ്ഥാന അവകാശത്തിനുവേണ്ടി പോലും സ്ത്രീകൾക്കു മതങ്ങളോട് പോരാടേണ്ടിവന്നു. ഇതൊക്കെ മതങ്ങൾ സ്ത്രീകളോടുള്ള സമീപനത്തിൽ പുലർത്തിയ അപ്രിയ സത്യങ്ങളിൽ ചിലതു മാത്രം. സംഘടിത മതങ്ങളിൽ പ്രാചീനവും പ്രബലവുമായ യെഹൂദ മതവും സ്ത്രീകളോട് വളരെ വിവേചനപരമായ നിലപാടാണ് പുലർത്തിയിരുന്നത്. 12 വർഷം രോഗത്താൽ വലഞ്ഞ രക്തസ്രാവക്കാരിയോട് യെഹൂദ മതം പുലർത്തിയ സമീപനവും ശബരിമല ക്ഷേത്രപ്രവേശനത്തോടനുബന്ധിച്ച് സ്ത്രീകളോട് 'മതം' സ്വീകരിച്ച നയവും തമ്മിൽ എന്തു വ്യത്യാസം? നീ എന്റെ സന്നിധിയിൽ വന്നാൽ ഞാൻ അശുദ്ധനാകും എന്ന് കല്പിക്കുന്ന ദേവന്റെ സന്നിധിയിലേക്ക് പോയേ തീരൂ എന്ന സ്ത്രീകളുടെ പിടിവാശിയും നന്നല്ല – മറിച്ച് മതസ്പർദ്ധ ഉളവാക്കാനേ ഉപകരിക്കൂ. സ്ത്രീകൾ നയിച്ചിട്ടുള്ള എല്ലാ പോരാട്ടങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയല്ല ഞാനീ ലേഖനത്തിലൂടെ അർത്ഥമാക്കുന്നത്. മതങ്ങളുടെ സ്ത്രീ സമീപനങ്ങളിലേക്ക് ഒരെത്തിനോട്ടം – അത്രമാത്രം!

### ബൈബിൾ വീക്ഷണം

ദൈവീക പദ്ധതിയിൽ സ്ത്രീയുടെ പ്രാധാന്യം സൃഷ്ടിപ്പിൽ തന്നെ വ്യക്തമാണ്. ദൈവീക പ്രതിച്ഛായയിൽ തന്നെയാണ് സ്ത്രീയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉല്പ. 1:27). ആദാമിനോടൊപ്പം തന്നെ സകലത്തേയും വാഴാനുള്ള അധികാരം ഹവ്വായ്ക്കും ലഭിച്ചു. ഏദനിൽ ആദാമിനു ലഭിച്ച എല്ലാ അവകാശങ്ങൾക്കും ചുമതലകൾക്കും അധികാരത്തിനും ഹവ്വായും തുല്യ പങ്കാളിയായിരുന്നു. എന്നാൽ വഞ്ചകനായ സാത്താൻ കൗശലപൂർവ്വം അതെല്ലാം അവളിൽനിന്നും തട്ടിയെടുക്കുകയായിരുന്നു. അങ്ങനെ ഒരു സ്ത്രീയാൽ മാനവജാതി മുഴുവൻ ശാപഗ്രസ്തരായി തീർന്നപ്പോൾ, ദൈവത്താൽ നിയോഗിക്കപ്പെട്ട മറ്റൊരു സ്ത്രീയിലൂടെ ലോകത്തിന്റെ വീണ്ടെടുപ്പുകാരനായ 'സ്ത്രീയുടെ സന്തതി' ഭൂജാതനായി. ഒരു സ്ത്രീ ലോകാപവാദവും ദുഷ്കീർത്തിയും വകവെയ്ക്കാതെ ദൈവദൂതന്റെ വാക്കുകൾക്ക് വിധേയപ്പെട്ടപ്പോൾ മാനവജാതിക്ക് ജീവന്റെ കൃപയുടെ കൂട്ടവകാശം ലഭ്യമായി. തേജസ്സേറിയ ദൈവീക പദ്ധതിയുടെ പങ്കാളിയാകുക എന്ന മഹാനിയോഗം അങ്ങനെ സ്ത്രീയിലൂടെ പൂർത്തീകരിക്കപ്പെട്ടു.

### പഴനിയമ പശ്ചാത്തലം

'പുരുഷ മേധാവിത്വ' മനോഭാവത്തിലധിഷ്ഠിതമായ പഴയനിയമ പശ്ചാത്തലത്തിൽ അത്ര ആശാവഹമായ സ്ഥാനമായിരുന്നില്ല സ്ത്രീകളുടേത്. എന്നാൽ അവിടെയും നാമമാത്രമായ ശുശ്രൂഷകളിൽ അഭിഷിക്തരായ സ്ത്രീകളുടെ പങ്കാളിത്തം കാണാം. യോഖേബോദ്, ദെബോര, മിര്യാം, ഹുൽദാ പ്രവാചകി, എസ്ഥേർ, രൂത്ത് എന്നിവർ ചില ഉദാഹരണങ്ങൾ മാത്രം. യിസ്രായേൽ രാഷ്ട്ര

പിറവിയിലും സ്ത്രീകളുടെ പങ്കാളിത്തം എത്ര ശ്രേഷ്ഠമായിട്ടാണ് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത്. ലേയ, റാഹേൽ എന്നീ ശ്രേഷ്ഠ വനിതകളുടെ പേരാണ് ഗോത്രപിതാവായ യാക്കോബിന്റെ പേരുപോലും പരാമർശിക്കാതെ രേഖപ്പെടുത്തിയിരിക്കുന്നത് (രൂത്ത് 4:11).

**സ്ത്രീകളോടുള്ള യേശുവിന്റെ സമീപനം**

സ്ത്രീകളുടെ വ്യക്തിത്വത്തെ യേശുവിനെപ്പോലെ ഇത്രയധികം ആദരിച്ച മറ്റൊരാൾ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല, ഇനിയും ഉണ്ടാകുകയുമില്ല. വിലക്കുകളുടേയും, അരുതുകളുടേയും മതിൽക്കെട്ടിനുള്ളിൽ പൊറുതിമുട്ടിയ സ്ത്രീത്വത്തിന് യേശുവിന്റെ വരവോടെ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാനുള്ള അവകാശം ലഭ്യമായി. ഒരു യെഹൂദ റബ്ബി സ്വന്തം ഭാര്യയോടുപോലും പരസ്യമായി സംസാരിക്കുവാൻ വിമുഖത കാട്ടിയിരുന്ന ജീർണ്ണിച്ച സംസ്ക്കാരത്തിന്റെ ചിതൽപ്പുറ്റുകളെ സധൈര്യം തുടച്ചുനീക്കിയ യേശുവിന്റെ കർമ്മമേഖലകളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കാളികളായിരുന്നു. അനുഗമനത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒരു പടികൂടി മുന്നിട്ടു നിന്നിരുന്നു എന്നതിന് തിരുവെഴുത്തുകളുടെ ഏറെ പിൻബലം ലഭ്യമാണ് (ലൂക്കോ. 8:1–3). പല സന്ദർഭങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട അരുമശിഷ്യന്മാർ യേശുവിനെ തള്ളിപ്പറയുകയും – പരിഹസിക്കുകയും – ഭയപ്പാടോടെ ഓടി ഒളിക്കുകയും ചെയ്തതായി ചരിത്രം സാക്ഷിക്കുന്നു. എന്നാൽ അബലകൾ എന്ന് മതം മുദ്രകുത്തിയ സ്ത്രീകൾ ക്രൂശീകരണത്തോടു ബന്ധപ്പെട്ട നിർണ്ണായക നിമിഷങ്ങളിലെല്ലാം സധൈര്യം യേശുവിനോടു ചേർന്നു നിന്നു (യോഹ. 14:25). ക്രൂശീകരണ വേളയിലെ സംഭവങ്ങളും 7 മൊഴികളും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നത് ക്രൂശിൻ ചുവട്ടിലെ സ്ത്രീകളുടെ മൊഴിയിൽ നിന്നായിരിക്കണം.

യേശുവിനോടുള്ള അതിരറ്റ സ്നേഹവും ഭക്തിയുമാണ് സ്വരക്ഷയെ തൃണവൽഗണിച്ചുകൊണ്ട് മരണവേളയിലും തുടർന്ന് ശവസംസ്കാര വേളയിലും യേശുവിനെ പിൻപറ്റുവാൻ അവരെ ധൈര്യപ്പെടുത്തിയത്. അപ്പം തിന്നുവാനായിട്ടുള്ള അനുഗമനം ആയിരുന്നില്ല സ്ത്രീസമൂഹത്തിൽ നിന്നുണ്ടായിട്ടുള്ളത് എന്നതിന് പിൻബലങ്ങളേറെ. ശിഷ്യന്മാരുടെ പിന്മാറ്റം മൂലം ഉണ്ടായ പോരായ്മ നികത്തുവാൻ സഹായിച്ച സ്ത്രീ സംഘത്തോട്, ക്രൈസ്തവ സമൂഹം എക്കാലവും കടപ്പെട്ടിരിക്കുന്നു (മർ. 15:49). സ്ത്രീകളുടെ സാക്ഷ്യത്തിന് നിയമസാധുത ഒട്ടും ഇല്ലാത്ത സംസ്ക്കാരത്തിന്റെ കൂച്ചുവിലങ്ങുകളെ പിഴുതെറിഞ്ഞു കൊണ്ടാണല്ലോ അപ്പൊസ്തലന്മാരോടുപോലും പുനരുത്ഥാനത്തിന്റെ സന്ദേശം സംവേദിക്കുവാനുള്ള മഹാനിയോഗം മറിയയ്ക്കു ലഭിച്ചത്. യേശുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേല്പുമാണ് സഭയുടെ ആരംഭം കുറിച്ച മഹത്സംഭവങ്ങൾ. ഈ രണ്ടു ക്രിസ്തുസംഭവങ്ങൾക്കും ശിഷ്യവൃന്ദങ്ങളേക്കാൾ ഒരുപടി കൂടി മുന്നിട്ടുനിന്ന് സാക്ഷ്യം വഹിക്കുവാൻ നിയോഗം ലഭിച്ച സ്ത്രീകളോടുള്ള ഇന്നത്തെ സഭയുടെ വിവേചനം കഷ്ടം തന്നെ! അല്ലാതെന്തു പറയാൻ?

ചുരുക്കത്തിൽ, ശിഷ്യന്മാരോടൊപ്പം തന്നെ സ്ത്രീകൾക്കും തന്നോടുകൂടെ ശുശ്രൂഷകളിൽ പങ്കാളിത്തം വഹിക്കുവാൻ യേശു അവസരങ്ങൾ നൽകി. ആത്മീക മർമ്മങ്ങൾ അവരുമായി പങ്കുവെച്ചു. പണ്ഡിത ശിരോമണിയായ നിക്കോദിമോസിനോട് വെളിപ്പെടുത്താതിരുന്ന – താൻ മശിഹാ എന്ന യാഥാർത്ഥ്യം – സമൂഹം ഭ്രഷ്ടു കല്പിച്ച ശമര്യക്കാരിക്കു വെളിപ്പെടുത്തിയത് തന്നെ ഉത്തമ ഉദാഹരണം (യോഹ. 4:26). യേശു അവളുടെ ആളത്വത്തെ വീണ്ടെടുക്കുക വഴി ഒരു പട്ടണത്തെ മുഴുവൻ യേശുവിങ്കലേക്കു ആനയിക്കുവാൻ അവൾ സന്നദ്ധയായി. അസ്പർശ്യരേയും, അസമത്വങ്ങളുടെ ഇരകളേയും ആദരിക്കുവാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാനും യേശു കാട്ടിയ മാതൃകയെ അനുകരിക്കുകയല്ലേ ഇന്നത്തെ സഭയ്ക്കും അഭിലഷണീയം.

**പുതിയനിയമ സഭയുടെ കെട്ടുപണിയിൽ സ്ത്രീകളുടെ പങ്കാളിത്തം**

സഭാഗാത്രത്തിന്റെ മുന്നേറ്റ ചരിത്രത്തിൽ ക്രൈസ്തവ സ്ത്രീകൾ ഒരു ശക്തിദുർഗ്ഗമായിരുന്നു. സുവിശേഷീകരണത്തിലും സഭാസ്ഥാപനത്തിലും അവരുടെ സേവനം വിലമതിക്കപ്പെട്ടതായി ആദിമ സഭ കരുതി. 'ബലഹീന പാത്രം' എന്നു വിശേഷിപ്പിക്കപ്പെട്ട കാലയളവിലും സുവിശേഷത്തിനുവേണ്ടി പീഡനം സഹിക്കുവാനും രക്തസാക്ഷിത്വം വഹിക്കുവാനുമുള്ള മനക്കരുത്തും ധൈര്യവും പ്രകടമാക്കിയ നിരവധി ധീരവനിതകളെപ്പറ്റി പുതിയനിയമവും സഭാചരിത്രവും സാക്ഷിക്കുന്നുണ്ട്. ആദിമ സഭയുടെ വ്യാപകമായ വളർച്ചയിൽ ശക്തികേന്ദ്രമായിരുന്ന ഗൃഹസഭകളുടെ ആവിർഭാവത്തിനും നേതൃത്വത്തിനും ചുക്കാൻ പിടിച്ചിരുന്ന അനുഗൃഹീത വനിതകളിടെ ഒരു നിരതന്നെ അക്കാലത്തു സജീവമായിരുന്നു (കൊലൊ. 4:15, അപ്പൊ. 16:40, റോമ. 16:1,5). യൂറോപ്പിലെ ക്രൈസ്തവ സഭാസൗധത്തിന്റെ കെട്ടുപണിയിൽ ഗണനീയ സ്ഥാനം അലങ്കരിച്ചവളായിരുന്നല്ലോ ലുദിയ. കെക്രെയ സഭയിലെ നേതൃസ്ഥാനം അലങ്കരിച്ചവരിലൊരാളായിരുന്നു ഫേബ എന്ന മാന്യ വനിത (റോമ. 16:1). ആദിമ സഭാഗാത്രത്തിന്റെ കെട്ടുപണിയിലും, പ്രേക്ഷിത പ്രവർത്തനത്തിലും പൗലോസിന് ഏറെ കൈത്താങ്ങൽ നല്കിയ ബഹുമുഖ വ്യക്തിപ്രഭാവമായിരുന്നല്ലോ പ്രിസ്കില്ല (റോമ. 16:3–5, അപ്പൊ. 16:18).

ആദിമസഭയിൽ പക്ഷംപിടുത്തവും ഭിന്നതയും ഉളവായ സന്ദർഭത്തിൽ അനുരഞ്ജനത്തിനുവേണ്ടി ശ്രമാവഹമായ ചുവടുകൾ എടുക്കുവാൻ ധൈര്യം കാട്ടുന്ന ക്ലോവയുടെ ശൈലിയെ ശ്ലാഘിക്കുന്ന അപ്പോസ്തലന്റെ നിലപാടും തിരുവചനം നമ്മുടെ മുൻപിൽ തുറന്നുകാട്ടുന്നു (1 കൊരി. 1:11). ഒരു പുരുഷന് ഏതെല്ലാം വിധത്തിൽ ദൈവരാജ്യവ്യാപ്തിക്കായി പങ്കാളിയാകുവാൻ സാധിക്കുമോ, അതേ അളവിൽ തന്നെ അഭിഷിക്തയായ ഒരു സഹോദരിക്കും ദൈവിക ശുശ്രൂഷയിൽ പങ്കാളിയാകാം എന്ന സത്യത്തെ സാധൂകരിക്കുന്ന വസ്തുതകളാണ് പുതിയ നിയമം നമ്മുടെ മുൻപിൽ തുറന്നുകാട്ടുന്നത്.

**സ്ത്രീ – സഭാചരിത്രത്തിൽ**

സഭാചരിത്രത്തിൽ – പ്രേക്ഷിത വേലയിൽ ഗണനീയ സ്ഥാനം സ്ത്രീകൾക്കു നൽകിയിട്ടുണ്ട്. ആതുരസേവന രംഗത്തും, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടവാളോങ്ങുവാനും ഒരുമ്പെട്ട സ്ത്രീസാന്നിദ്ധ്യം കൊണ്ട് സമ്പന്നമാണ് സഭാചരിത്രം. 19–ാം നൂറ്റാണ്ടിലാരംഭിച്ച പെന്തെക്കോസ്തുണർവ്വ് അമേരിക്കയിലും മറ്റിടങ്ങളിലും പടർന്നുപിടിച്ചതിൽ അഭിഷിക്തരായ വനിതാശുശ്രൂഷകർ വഹിച്ച പങ്ക് ഒരു കാലത്തും ചരിത്രത്തിന് വിസ്മരിക്കാവതല്ല. അസൂസാ തെരുവിലെ പരിശുദ്ധാത്മ പകർച്ചയിൽ വില്യം സെയ്മൂറിനോടൊപ്പം ശുശ്രൂഷയിൽ പങ്കാളിത്തം വഹിച്ച അഭിഷിക്ത വനിതയായിരുന്ന ലൂസിഫറോ. പെന്തെക്കോസ്തു ചരിത്രമുന്നേറ്റത്തിൽ തങ്കലിപികളിൽ എഴുതി ചേർക്കേണ്ട നാമധേയങ്ങളാണല്ലോ ആഗ്നസ് ഓസ്മാൻ

എന്ന പാശ്ചാത്യ വനിതയും, രമാഭായി എന്ന ഭാരതീയ വനിതയും. ചാൾസ് പർഹാമിന്റെ ശുശ്രൂഷയാൽ ആത്മസ്നാനം പ്രാപിച്ച മേരി ബർജ്ജസ് ന്യൂയോർക്കിലുടനീളമുണ്ടായ പരിശുദ്ധാത്മപകർച്ചയ്ക്ക് ശക്തമായ നേതൃത്വം വഹിച്ചു. ആത്മഭാരത്താൽ നിറയപ്പെട്ട ആ മിഷനറി വനിത ഇന്ത്യയിലും ശക്തമായ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. തെന്നിന്ത്യയിൽ ആദ്യമായി പെന്തെക്കോസ്തു സന്ദേശവുമായി വന്ന തോമസ് ബാരറ്റ് എന്ന മിഷനറി ആത്മാഭിഷിക്തനാകുന്നത് 'ലൂസിലൻതർമാൻ' എന്ന അഭിഷിക്തയുടെ ശുശ്രൂഷയിലാണ്. എന്തിനധികം 1953-ൽ ശാരോൻ മുറ്റത്ത് കത്തിപ്പടർന്ന ആത്മാഗ്നിയിലും മിസ്സിസ് ദാവൂദ് എന്ന അഭിഷിക്ത വനിതയുടെ ശുശ്രൂഷ ഏറെ സ്വാധീനം ചെലുത്തിയെന്ന് അവരിലൂടെ നടന്ന ആത്മിക സൗഖ്യങ്ങളും വിടുതലുകളും സാക്ഷ്യപത്രമാണല്ലോ.

ചുരുക്കത്തിൽ പെന്തെക്കോസ്തു പ്രവർത്തന ചരിത്രത്തിൽ വനിതാ സുവിശേഷകരുടെ സാന്നിധ്യം ഏറെ പ്രസക്തമാണ്. ഏതെങ്കിലും ഒരു സ്ഥലത്ത് പ്രവർത്തനത്തിനു നാന്ദി കുറിച്ചാൽ സഹോദരിമാർ ഉപവസിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഭവനസന്ദർശനം നടത്തുകയും അങ്ങനെ സുവിശേഷത്തിന്റെ വാതിൽ തുറന്നുവരുമ്പോൾ ദൈവദാസന്മാർ സഭാകൂടിവരവുകൾ ആരംഭിക്കുകയും ചെയ്തിരുന്ന ഒരു ശൈലിയാണല്ലോ മിക്കയിടങ്ങളിലും അനുവർത്തിച്ചുവന്നിരുന്നത്. അഭിഷിക്ത വനിതകളായിരുന്ന അന്നമ്മ മാമ്മൻ, പെണ്ണമ്മ സന്യാസിനി, ശോശാമ്മ സന്യാസിനി, മേരീ കോവൂർ എന്നിവരെ കേരള സഭാചരിത്രത്തിന് ഒരിക്കലും മറക്കാവതല്ല. ഇന്നും എത്രയെത്ര അഭിഷിക്ത വനിതകൾ ക്രിസ്തുവിനുവേണ്ടി എരിഞ്ഞടങ്ങുവാൻ സന്നദ്ധരായി ഈ വയലിൽ അത്യദ്ധ്വാനം ചെയ്യുന്നു. മുഖപക്ഷമില്ലാതെ സത്യസന്ധമായി പ്രതിഫലം വീതിക്കുന്ന നാളിൽ അവരാരും ലജ്ജിച്ചുപോകയില്ല എന്ന ധൈര്യമാണ് അവരുടെ മൂലധനം.

ഭാരതീയ ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകൾ ആകയാൽ സ്ത്രീജന മദ്ധ്യത്തിലുള്ള സുവിശേഷീകരണത്തിന് നാം വളരെ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ് സുവിശേഷീകരണ രംഗത്ത് വൻ സാദ്ധ്യതകൾ കൊയ്തെടുക്കാവുന്ന സ്ത്രീസമൂഹത്തിന് അർഹമായ പ്രോത്സാഹനവും ഉത്തേജനവും ഫലപ്രദമായ രീതിയിൽ ലഭ്യമായാൽ ഭാരതത്തിലെ സുവിശേഷീകരണരംഗത്ത് വൻ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ സാധിക്കും എന്നതിൽ സന്ദേഹത്തിനു വകയില്ല. "സ്ത്രീ – സഭയിൽ മിണ്ടാതിരിക്കട്ടെ" എന്ന വാദഗതിയെ അക്ഷരീക അർത്ഥത്തിൽ വ്യാഖ്യാനിച്ച് ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്ന പ്രവണത സഭയുടെ ദൈവരാജ്യമൂല്യങ്ങളുടെ ധ്വംസനമാണ്.

സഹോദരിമാരോട് ഒരു വാക്കുകൂടി... പദവിയല്ല ശുശ്രൂഷയാണ് പ്രധാനം എന്ന തിരിച്ചറിവ് നമ്മിലുണ്ടാകട്ടെ. ഭാരതത്തെ കർത്താവിനായി നേടുവാൻ എന്തെല്ലാം ചെയ്യുവാൻ കഴിയുമോ, അതെല്ലാം ശക്തിയോടെ ചെയ്ക. പ്രാണനെ വിലയേറിയതായി എണ്ണാതെ ഈ പ്രയാണത്തിൽ നമുക്കും മുന്നേറാം – ഫലമുള്ള വൃക്ഷത്തിന് കല്ലേറുകൾ ഏല്ക്കാതിരിക്കില്ലല്ലോ? ■

# ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കാം

*(3-ാം പേജ് തുടർച്ച)*

ദൈവത്തിന്റെ മഹത്വത്തിനായി സമർപ്പിക്കുവാനിടയായി. കുറച്ച് സജ്ജീകരണങ്ങൾ കൂടെ പൂർത്തിയാകാനുണ്ടെങ്കിലും ഏതാനും ചില മാസങ്ങൾക്കുള്ളിൽ തന്നെ പൂർണ്ണമായും പ്രവർത്തനയോഗ്യമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ജനറൽ കൺവൻഷൻ വളരെ അനുഗ്രഹമായിരുന്നു. വിശ്വാസികളുടെയും സഭയുടെയും സഹകരണത്തിന്റെ വലിയ അടയാളങ്ങൾ ഞങ്ങൾക്ക് കാണുവാൻ സാധിക്കുന്നു. സഭയ്ക്ക് ആത്മീക വർദ്ധനവ് വരുത്തുവാൻ ആവശ്യമായ കൃപാവരങ്ങളും താലന്തുകളുമുള്ള ധാരാളം ശുശ്രൂഷകന്മാരും യൗവ്വനക്കാരും നമുക്കുണ്ട്. സൺഡേ സ്കൂൾ പുസ്തകത്തിന്റെ ഹിന്ദി ഭാഷയിലുള്ള പ്രസിദ്ധീകരണം, ആനുകാലിക പ്രശ്നങ്ങളെ അധിഷ്ഠിതമാക്കിയുള്ള സിമ്പോസിയം, ശുശ്രൂഷകന്മാരുടെ ശുശ്രൂഷയുടെ വളർച്ചയ്ക്കും അവരുടെ വിളി ഉറപ്പിക്കുന്നതിനും ഉതകുന്ന രണ്ട് പുസ്തകങ്ങളുടെ പ്രകാശനം എന്നിവ കാണുവാൻ നമുക്ക് സാധിച്ചു. നമ്മുടെ സി.ഇ.എം. ടീം കേരളത്തിന്റെ പാതയോരങ്ങളിലും തെരുവോരങ്ങളിലും സുവിശേഷം സധൈര്യം ഉദ്ഘോഷിച്ചു. പുതിയതായി രൂപംകൊണ്ട ഇവാഞ്ചലിസം ബോർഡ് കർത്താവിന്റെ മഹാനിയോഗം (മത്താ. 28). നിറവേറ്റുവാൻ നിരവധി ക്രമീകരണങ്ങൾ ആവിഷ്കരിക്കുന്നു. സഭയുടെ അഭിവാദ്യ ഘടകമായ വനിതാ സമാജം വിശ്വാസികൾക്ക് താങ്ങായും സഹായമായും നിലകൊള്ളുന്നു. നമ്മുടെ പ്രാർത്ഥനാവീരന്മാരെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഈ യോദ്ധാക്കളുടെ നിരന്തരമായ പ്രാർത്ഥനയാണ് സഭയുടെ നട്ടെല്ലായി വർത്തിക്കുന്നത്. പുതിയ പ്രവർത്തന കേന്ദ്രങ്ങൾ വിവിധയിടങ്ങളിൽ ആരംഭിക്കുക വഴി നമ്മുടെ സഭ വിശാലതയുടെ പാതകളിൽ സഞ്ചരിക്കുകയാണ്. പഞ്ചാബിലും ഡൽഹിയിലും ആന്ധ്രയിലും, കഴിഞ്ഞ ജനറൽ കൺവൻഷനിലും നിരവധി പേർ സ്നാനമേറ്റു. മഹാരാഷ്ട്രയിൽ പുതിയ അഞ്ച് പ്രവർത്തനങ്ങളുണ്ട്. ബീഹാറിൽ ഏകദേശം ഇരുപത് പ്രവർത്തന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. പഞ്ചാബിൽ പുതിയ സഭയ്ക്കായുള്ള കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ബാംഗ്ലൂരിൽ പുതിയ ബൈബിൾ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. ചിലയിടങ്ങളിൽ നിന്ന് എതിർപ്പുകൾ ഉയരുന്നുണ്ടെങ്കിലും ദൈവം നമ്മുടെ കൂട്ടായ്മയ്ക്ക് പുതിയ വിശ്വാസികളെയും ശുശ്രൂഷകന്മാരെയും നൽകിക്കൊണ്ടിരിക്കുന്നു. എല്ലാ മഹത്വവും ദൈവത്തിന് അർപ്പിക്കുന്നു.

'ദൈവത്തിങ്കലേക്ക് മടങ്ങി വരിക' എന്ന നമ്മുടെ കൺവൻഷന്റെ ചിന്താവിഷയം ഈ കാലത്ത്, പ്രത്യേകിച്ച് യിസ്രായേൽ മരുഭൂമിയിൽ അലഞ്ഞു നടന്നതു പോലെയുള്ള ഈ സമയത്ത് വളരെ അർത്ഥവത്താണ്. 2019 ൽ എത്തിനില്ക്കുമ്പോൾ ദൈവത്തിന്റെ കരുതലിനെയും പരിപാലനത്തെയും നമുക്കൊന്ന് തിരിഞ്ഞുനോക്കാം. അവൻ എത്ര നല്ലവൻ. അവൻ കരുണയും ദയയും മനസ്സലിവുമുള്ളവൻ.

സഭയുടെ കൃത്യമായ വളർച്ചയ്ക്ക് ജാഗരൂകരായി അദ്ധ്വാനിക്കുന്ന മനിസ്റ്റീരിയൽ, മാനേജിംഗ് കൗൺസിലിന് എന്റെ പ്രത്യേക നന്ദി അറിയിക്കുന്നു. സഭയിൽ തിരെഞ്ഞെടുക്കപ്പെട്ടവരുടെ അനുഗ്രഹത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ ശുശ്രൂഷകന്മാരും വിശ്വാസികളും 2019 ൽ ദൈവത്തിന്റെ പ്രവർത്തികൾ കാണുവാനിടയാകട്ടെ.

നാം ഒറ്റക്കെട്ടായി സഭ പണിയുമ്പോൾ എല്ലാറ്റിനുമുപരി നമുക്ക് ദൈവത്തിന്റെ മുഖം അന്വേഷിക്കാം. ■



# പ്രകൃതി ദുരന്തം: സംഭാവന ലിസ്റ്റ്

**2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രകൃതി ദുരന്തത്തിൽ ബുദ്ധിമുട്ടനുഭവിച്ചവർക്കുവേണ്ടി സമാഹരിച്ച ഫണ്ടിലേക്ക് സംഭാവന നൽകിയ സഭകളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ**

| | |
|---|---|
| **ആലുവ സെന്റർ** | |
| പുത്തൻകുരിശ് | 2500.00 |
| മംഗലത്തുനട | 6500.00 |
| വെമ്പള്ളി | 1500.00 |
| കടയിരുപ്പ് | 1500.00 |
| പഴംതോട്ടം | 1000.00 |
| പള്ളിക്കര | 2350.00 |
| വളയൻചിറങ്ങര | 3000.00 |
| ഐരാപുരം | 500.00 |
| ചൂരക്കോട് | 1100.00 |
| കീഴ്മാട് | 1500.00 |
| അശോകപുരം | 25000.00 |
| അങ്കമാലി | 30510.00 |
| മഞ്ഞപ്ര | 1000.00 |
| മലയാറ്റൂർ | 2250.00 |
| കൊരട്ടി | 1000.00 |
| അത്താണി | 2000.00 |
| അമ്പലമേട് | 11500.00 |
| കരിമുഗൾ | 1000.00 |
| മാമല | 2000.00 |
| തിരുവാണിയൂർ | 4700.00 |
| സി.ഇ.എം, തൃപ്പൂണിത്തുറ സെക്ഷൻ | 5000.00 |
| കരിങ്ങാച്ചിറ | 5000.00 |
| **അടൂർ സെന്റർ** | |
| പുതുശ്ശേരിഭാഗം | 5000.00 |
| അടൂർ ടൗൺ | 5000.00 |
| വയല | 25000.00 |
| കുടശ്ശനാട് | 500.00 |
| ഐവർകാല | 10000.00 |
| പഴകുളം | 2000.00 |
| തുമ്പമൺ | 21500.00 |
| മെതുകുമ്മേൽ | 17250.00 |
| പിടവൂർ | 1000.00 |
| പരുത്തപ്പാറ | 5000.00 |
| പന്നിവിഴ | 4700.00 |
| ആനന്ദപ്പള്ളി | 1000.00 |
| മണക്കാല | 20000.00 |
| പെരുങ്കുളം | 2000.00 |
| പൂവൻപാറ | 1500.00 |
| കൈതപ്പറമ്പ് | 8000.00 |
| മങ്ങാട് | 2000.00 |
| **ചെങ്ങന്നൂർ സെന്റർ** | |
| മുണ്ടിയപ്പള്ളി | 25000.00 |
| മനയ്ക്കച്ചിറ | 15500.00 |
| മെഴുവേലി | 50000.00 |
| കുറിച്ചിമുട്ടം | 2000.00 |
| ചെങ്ങന്നൂർ | 5000.00 |
| കൊഴുവല്ലൂർ | 2000.00 |
| ആറന്മുള | 10000.00 |
| തുമ്പമൺതാഴം | 6050.00 |
| കുന്നുംപുറം | 2000.00 |
| പെണ്ണുക്കര | 2000.00 |

| | |
|---|---|
| **ഹൈറേഞ്ച് സെന്റർ** | |
| മത്തായിപ്പാറ | 25200.00 |
| കട്ടപ്പന | 5000.00 |
| 35-ാം മൈൽ | 1000.00 |
| നെടുങ്കണ്ടം | 500.00 |
| പള്ളിക്കുന്ന് | 1700.00 |
| കൊച്ചറ | 7000.00 |
| പാലൂർക്കാവ് | 1000.00 |
| പീരുമേട് | 500.00 |
| **ഇടുക്കി സെന്റർ** | |
| മണിയാറൻകുടി | 1700.00 |
| രാജാക്കാട് | 1000.00 |
| വട്ടപ്പാറ | 500.00 |
| വെൺമണി | 1000.00 |
| പണിക്കൻകുടി | 500.00 |
| **കുന്നംകുളം സെന്റർ** | |
| കുന്നംകുളം | 5000.00 |
| പോർക്കുളം | 1000.00 |
| **കോഴിക്കോട് സെന്റർ** | |
| കരുനെച്ചി | 11300.00 |
| പാത്തിപ്പാറ | 800.00 |
| ചെറുവണ്ണൂർ | 7500.00 |
| തൊണ്ടയാട് | 2000.00 |
| വനിതാസമാജം, തൊണ്ടയാട് | 1000.00 |
| ഇ.റ്റി.സി. കോഴിക്കോട് | 2000.00 |
| പൂവാട്ടുപറമ്പ് | 1500.00 |
| **കണ്ണൂർ സെന്റർ** | |
| കാസർഗോഡ് | 1000.00 |
| വള്ളിത്തോട് | 500.00 |
| **കൊട്ടാരക്കര സെന്റർ** | |
| ഓടനാവട്ടം | 10000.00 |
| ചെപ്ര | 1000.00 |
| പുലമൺ | 5000.00 |
| ചെങ്കുളം സെക്ഷൻ | 10000.00 |
| തൃക്കണ്ണമംഗൽ ഈസ്റ്റ് | 4500.00 |
| നീലീശ്വരം | 1000.00 |
| കൊട്ടാരക്കര സെക്ഷൻ | 25000.00 |
| കരിക്കം | 10000.00 |
| പഴിഞ്ഞം | 500.00 |
| ചാത്തന്നൂർ | 2000.00 |
| ചക്കുവരയ്ക്കൽ | 10150.00 |
| കൊട്ടാരക്കര | 2000.00 |
| ചെങ്കുളം | 51000.00 |
| ആയൂർ | 10000.00 |
| തൃക്കണ്ണമംഗൽ | 10000.00 |
| വർക്കല | 1750.00 |
| വിലയന്തൂർ | 4000.00 |
| കൈതക്കുഴി | 5000.00 |
| നെല്ലിക്കുന്നം | 1000.00 |
| നാൽക്കവല | 3000.00 |
| അമ്പലപ്പുറം | 20000.00 |
| പ്ലാപ്പള്ളി | 10000.00 |
| മരക്കുളം | 2000.00 |

| | |
|---|---|
| ചാത്തന്നൂർ എലീം | 1000.00 |
| **കാരക്കോണം സെന്റർ** | |
| ഇളംചിറ | 3000.00 |
| പെരുംപാറ | 1000.00 |
| ചിറ്റാർ ഡാം | 1000.00 |
| **കോട്ടയം സെന്റർ** | |
| കാഞ്ഞിരപ്പാറ | 3000.00 |
| ചാമംപതാൽ | 3000.00 |
| കാഞ്ഞിരപ്പള്ളി | 7150.00 |
| മുണ്ടക്കയം | 2500.00 |
| കാനം | 1000.00 |
| ഭരണങ്ങാനം | 200.00 |
| കുറ്റിക്കൽ | 3000.00 |
| മറ്റക്കര | 2250.00 |
| പൂവൻതുരുത്ത് | 1230.00 |
| വെള്ളൂർ | 1800.00 |
| പാത്താമുട്ടം | 710.00 |
| മൂലേടം | 1570.00 |
| കോട്ടയം ടൗൺ | 1500.00 |
| കൊല്ലാട് | 2000.00 |
| വാഴൂർ | 10000.00 |
| പുളിക്കൽ കവല | 10100.00 |
| താളുങ്കൽ | 1200.00 |
| **കുമ്പനാട് സെന്റർ** | |
| പുല്ലാട് | 2500.00 |
| വള്ളംകുളം | 13000.00 |
| കവുങ്ങുംപ്രയാർ | 8000.00 |
| പൊയ്കയിൽപടി | 5000.00 |
| കുഴിക്കാല | 25000.00 |
| പാട്ടക്കാല | 6000.00 |
| ഓതറ ഈസ്റ്റ് | 6500.00 |
| തെക്കേമല | 7300.00 |
| ഓതറ വെസ്റ്റ് | 3000.00 |
| **കൊച്ചി സെന്റർ** | |
| തേവര | 5500.00 |
| അതൂർ | 3000.00 |
| പനങ്ങാട് | 4000.00 |
| തോപ്പുംപടി | 1500.00 |
| പച്ചാളം | 2500.00 |
| മനോരമ ജംഗ്ഷൻ | 2000.00 |
| നെട്ടൂർ | 2000.00 |
| പെരുവ | 10000.00 |
| കാരൂർ | 3500.00 |
| കുറുപ്പംതറ | 750.00 |
| പിറവം | 750.00 |
| കാക്കനാട് | 10000.00 |
| തൈക്കൂടം | 15000.00 |
| ഇരുമ്പനം | 3000.00 |
| ജഡ്ജമുക്ക് | 3000.00 |
| പാലാരിവട്ടം | 8000.00 |
| തമ്മനം | 2500.00 |
| വൈറ്റില | 30000.00 |

| | |
|---|---|
| **മല്ലപ്പള്ളി സെന്റർ** | |
| തുരുത്തിക്കാട് | 17000.00 |
| വെള്ളയിൽ | 8000.00 |
| മല്ലപ്പള്ളി വെസ്റ്റ് | 32300.00 |
| മുണ്ടത്താനം | 5000.00 |
| മല്ലപ്പള്ളി ഈസ്റ്റ് | 3200.00 |
| **മാവേലിക്കര സെന്റർ** | |
| മുട്ടം | 10215.00 |
| ചെറുതന | 1600.00 |
| കരിപ്പുഴ | 1000.00 |
| ചെന്നിത്തല നോർത്ത് | 5000.00 |
| ചാരുംമൂട് | 2000.00 |
| മാങ്കാംകുഴി | 4150.00 |
| കായംകുളം | 500.00 |
| **മൂവാറ്റുപുഴ സെന്റർ** | |
| മൂവാറ്റുപുഴ | 2500.00 |
| ഉപ്പുകണ്ടം | 2000.00 |
| ആരക്കുഴ | 1000.00 |
| അഞ്ചൽപെട്ടി | 1000.00 |
| ഇരപ്പാംകുഴി | 1000.00 |
| വാഴക്കുളം | 800.00 |
| തൊടുപുഴ | 1500.00 |
| കരിമ്പന | 500.00 |
| തലക്കോട് | 500.00 |
| കുന്നയ്ക്കാൽ | 2500.00 |
| സി.ഇ.എം. മൂവാറ്റുപുഴ സെന്റർ | 4600.00 |
| പൈങ്ങോട്ടൂർ | 1500.00 |
| **നെടുമങ്ങാട് സെന്റർ** | |
| പച്ചക്കാട് | 1200.00 |
| ആര്യനാട് | 1000.00 |
| **നെയ്യാറ്റിങ്കര സെന്റർ** | |
| ആലത്തൂർ | 2020.00 |
| **പാലക്കാട് സെന്റർ** | |
| വാൽക്കുളമ്പ് | 500.00 |
| തച്ചൻപാറ | 1000.00 |
| സി.ഇ.എം. പാലക്കാട് | 1000.00 |
| ഒലിപ്പാറ | 2550.00 |
| ഒലവക്കോട് | 12050.00 |
| **പത്തനംതിട്ട സെന്റർ** | |
| ഗുരുനാഥൻമണ്ണ് | 1000.00 |
| മൈലപ്ര | 10000.00 |
| ചിറ്റാർ | 20000.00 |
| നാരങ്ങാനം | 1850.00 |
| വയ്യാറ്റുപുഴ | 15000.00 |
| കീക്കൊഴൂർ | 5000.00 |
| തെക്കുംമല | 1000.00 |
| മേക്കൊഴൂർ | 32000.00 |
| **പെരുമ്പാവൂർ സെന്റർ** | |
| പോത്താനിക്കാട് | 3000.00 |
| കോതമംഗലം | 3000.00 |
| വലിയപാറ | 1500.00 |
| നാഗഞ്ചേരി | 1000.00 |

| | |
|---|---|
| ചക്കിമേട് | 500.00 |
| വേങ്ങൂർ | 8000.00 |
| ക്രാരിയേലി | 2000.00 |
| പെരുമ്പാവൂർ | 30000.00 |
| കുറുപ്പംപടി | 5500.00 |
| കീഴില്ലം | 5000.00 |
| പാണിയേലി | 2000.00 |
| വടാട്ടുപാറ | 2000.00 |
| കോട്ടപ്പടി | 2500.00 |
| പാണംകുഴി | 5000.00 |
| മേതല | 2000.00 |
| രായമംഗലം | 3000.00 |
| **പുനലൂർ നോർത്ത് സെന്റർ** | |
| മൂന്നാമല | 63600.00 |
| കൂടൽ | 26300.00 |
| മുറിഞ്ഞകൽ | 12000.00 |
| നെടുമൺകാവ് | 10900.00 |
| കിഴവള്ളൂർ | 7000.00 |
| അമ്പലനിരപ്പ് | 5000.00 |
| അതിരുങ്കൽ | 5000.00 |
